''ഭരണഭാഷ-മാതൃഭാഷ''

നമ്പർ എച്ച്2/10365/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 27-10-2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം - നിയമനാംഗീകാരം - 29-01-2016 വരെയുള്ള കുടിശ്ശിക ശമ്പളം പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കൽ - വിവരശേഖരണം സംബന്ധിച്ച്

സൂചന : 1. 20-02-2018 ലെ സർക്കാർ കത്ത് നമ്പർ 696366/എഡ്യൂ-എ3/2018/ധന.വ
2. 29-01-2016 ലെ സ.ഉ(പി)നമ്പർ 29/2016/പൊ.വി.വ
3. ഈ കാര്യാലയത്തിൽ നിന്നുള്ള 05-03-2018 ലെ ഇതേ നമ്പർ കത്ത്

സൂചന (2)ലെ ഉത്തരവിലെ ഖണ്ഡിക II(2), II(3) എന്നിവ പ്രകാരം നിയമനാംഗീകാരം ലഭിക്കുന്നവരുടെ 29-01-2016 വരെയുള്ള കുടിശ്ശിക ശമ്പളം പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതുമായി (ഉത്തരവിലെ ഖണ്ഡിക II(6)) ബന്ധപ്പെട്ട് സൂചന (3) ലെ കത്ത് വഴി വിവര ശേഖരണം നടത്തിയിരുന്നുവല്ലോ. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച ലിസ്റ്റ് ധനകാര്യവകുപ്പ് വഴി ട്രഷറി ഡയറക്ടർക്കും സമർപ്പിച്ചു കഴിഞ്ഞു.

**എന്നാൽ ഏതാനും ചില അധ്യാപകർ ഇപ്പോഴും ലിസ്റ്റിൽ അവരുടെ പേരില്ല എന്നു പറഞ്ഞ് പരാതികൾ സമർപ്പിക്കുകയാണ്. ഒരാളിന്റെ പേര് പോലും വിട്ടുപോകരുത് എന്ന് പ്രത്യേകം നിർദേശിച്ചിട്ടും അതൊന്നും ശ്രദ്ധിക്കാതെയും ലഭിച്ച വിവരങ്ങൾ പരിശോധിക്കാതെയും ഡയറക്ടറേറ്റിലേക്ക് സമർപ്പിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരെല്ലാം ഈ വീഴ്ചയ്ക്ക് വ്യക്തിപരമായി തന്നെ ഉത്തരവാദിത്തം വഹിക്കേണ്ടി വരും.**

**ആയതിനാൽ മുൻപ് സമർപ്പിച്ച ലിസ്റ്റിൽ പേര് ഉൾപ്പെടുത്താതിരുന്നതിനുള്ള വ്യക്തമായ കാരണവും വിശദീകരണവും സഹിതം, മുൻലിസ്റ്റിൽ ചേർക്കാതെ വിട്ടുപോയ ജീവനക്കാരുടെ പേരുവിവരങ്ങൾ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിർദിഷ്ട പ്രൊഫോർമയിൽ നവംബർ 5 ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവ ശേഖരിച്ച് നവംബർ 9 ന് നിർദിഷ്ട കളക്ഷൻ സെന്ററുകളിൽ എത്തിക്കണം.**